# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26



## ആമുഖം

അധ്യാപനവും, അദ്ധ്യയനവും ചേരുന്നതാണ് വിദ്യാഭ്യാസം. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് സംസ്കാരം പകർന്നു നൽകപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. അശരണരും, ദുർബലരും ആയ സാധാരണ മനുഷ്യന് അറിവിന്റെ വെളിച്ചം പകർന്നു നൽകിയതിൽ നമ്മുടെ സ്കൂളുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. അതുപോലെ തന്നെ മണ്ണിനോട് മല്ലിടുന്ന കൂലിവേലക്കാർക്കും, കടലിനോട് പൊരുതുന്ന കടലിന്റെ മക്കൾക്കും ഒരുകാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിന് ഈ സരസ്വതി വിദ്യാലയം വലിയൊരു മുന്നേറ്റമാണ് നടത്തിയത്. 1928-ൽ സ്ഥാപിതമായ ഈ വിദ്യാലയം നിരവധി മാറ്റങ്ങളിലൂടെ കടന്ന് ഇന്ന് കാണുന്ന നിലയിൽ എത്തിയിരിക്കുന്നു. ഒട്ടേറെ പരിമിതികൾക്കിടയിലും വിദ്യാഭ്യാസരംഗത്തും, മറ്റ് അനവധി മേഖലകളിലും നേട്ടം കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. കേവലം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങാത്ത സമൂഹത്തിലേക്കിറങ്ങിയുള്ള പഠനപ്രവർത്തനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക, പരിസ്ഥിതി സംബന്ധമായ പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യവും, പങ്കാളിത്തവും മികച്ചതാണ്. വിവിധ മേളകളിൽ മികവാർന്ന പ്രകടനങ്ങൾ കാഴ്ചവെക്കാൻ വിദ്യാലയ പ്രതിഭകൾക്ക് സാധിച്ചിട്ടുണ്ട്. സാമ്പത്തികമായും, സാമൂഹികമായും, വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ളവരാണ് രക്ഷിതാക്കളിൽ ഭൂരിഭാഗവും.

അതുകൊണ്ടുതന്നെ ക്ലാസ് മുറികളിലെ തുടർ പ്രവർത്തനങ്ങൾ തീർത്തും നിരാശാജനകമാണ്. ഒട്ടേറെ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നിട്ടുണ്ടെങ്കിലും ഭൗതികമേഖലയിൽ ഇനിയും ഏറെ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ് ഉച്ചഭക്ഷണ പദ്ധതി നന്നായി നടക്കുന്ന വിദ്യാലയത്തിൽ വിശാലമായ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ ഇല്ല. ക്ലാസ് മുറികളുടെ എണ്ണത്തിലുള്ള കുറവ്, ഫർണിച്ചറുകളുടെ അപര്യാപ്തത, വിശാലമായ ലൈബ്രറിയില്ലായ്മ, കമ്പ്യൂട്ടർ ലാബ്, ടോയ്‌ലെറ്റിന്റെ കുറവ് തുടങ്ങിയവയെല്ലാം അക്കാദമിക മേഖലയെ പിന്നോട്ട് നയിക്കുന്ന ഘടകങ്ങൾ തന്നെയാണ്. ഉള്ളടക്കത്തിലും, പ്രയോഗത്തിലും സമീപനത്തിലും, സാമൂഹിക കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന നിലവിലെ പാഠ്യപദ്ധതിക്കനുഗുണമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാനാണ് വിദ്യാലയത്തിനു വേണ്ടി തയ്യാറാക്കിയിരിക്കുന്നത്. ചലനാത്മകവും, വികസനോന്മുഖവും, പ്രശ്നങ്ങളെ മുറിച്ചു കടക്കാനുള്ള പ്രായോഗിക ശേഷി നൽകുന്നതുമായ ഒരു സർഗാത്മക പ്രവർത്തനമായി പഠനത്തെ മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് പ്ലാനിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേവല ജ്ഞാനസമ്പാദനത്തിനപ്പുറം ചലനാത്മകവും, വികസനോന്മുഖവും, പ്രശ്നങ്ങളെ മുറിച്ചു കടക്കാനുള്ള പ്രായോഗിക ശേഷി നൽകുന്നതുമായ ഒരു സർഗാത്മക പ്രവർത്തനമായി പഠനം മാറുകയാണ്. ഇതിനു പര്യാപ്തമായവിധത്തിൽ വിദ്യാലയ അന്തരീക്ഷം ഭൗതികവും, അക്കാദമികവുമായ അതിന്റെ സാഹചര്യങ്ങൾ മാറേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആണ് പി.കെ.എം. എച്ച്. എം. യു. പി എസ് വടേക്കാടിന്റെ വിദ്യാലയവികസന പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

# PROFILE

Name of School : PKMHMUPS VATTEKKAD

Date of Establishment :- 1928

Name of Village :- Orumanayur

Name of Panchayat :- Kadappuram

Name of District :- Thrissur

Name of SubDistrict :- Chavakkad

Name of H.M :- O. July John

Email ID :- pkmhmups@gmail.com

Phone Number :- 0487-253188

School Code :- 24272

Name of Taluk :- Chavakkad

School Manager :- Shahul Hameed

## വിദ്യാലയ ചരിത്രം ചുരുക്കത്തിൽ

ചാവക്കാട് താലൂക്കിൽ കടപ്പുറം പഞ്ചായത്തിൽ വട്ടേക്കാട് ദേശത്ത് 1928ലാണ് പി.കെ.എം.എച്ച്.എം.യു.പി. സ്കൂൾ സ്ഥാപിതമായത്. ശ്രീ. എം.എ. അബൂബക്കർഹാജി ഈ സ്കൂളിന്റെ മാനേജരായി സേവനമനുഷ്ഠിക്കുന്നു.

ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസമുന്നേറ്റം പ്രശസ്തരായ അനേകം പ്രതിഭകൾക്ക് രൂപം നൽകിയിട്ടുണ്ട്. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂൾ മുൻപന്തിയിലാണ്.

## സ്കൂൾ ചരിത്രം

ചാവക്കാട് താലൂക്കിലെ ചേറ്റുവ പുഴയുടെയും അഞ്ചങ്ങാടി കടപ്പുറം എന്നീ പ്രദേശങ്ങൾക്കിടയിലായി കടപ്പുറം പഞ്ചായത്തിലെ 5-ാം വാർഡിൽ വട്ടേക്കാട് പള്ളിക്ക് സമീപത്താണ് വട്ടേക്കാട് പി.കെ.എം.എച്ച്എം.യുയപി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒരേക്കർ 5 സെന്റ് സ്ഥിതിചെയ്യുന്ന ഈ സ്കൂൾ 1928ലാണ് സ്ഥാപിതമായത്. അന്ന് സ്കൂൾ ഓലമേഞ്ഞതും പൂഴിനിറഞ്ഞതുമായ ഒരു കെട്ടിടമായിരുന്നു. അന്നത്തെ മാനേജർ കുഞ്ഞിമൊയ്തീൻ ആയിരുന്നു. 1928 ൽ 4-ാം ക്ലാസ് വരെയുള്ള ഈ സ്കൂൾ ആലുംപറമ്പ് പള്ളിയുടെ വടക്കായിരുന്നു. അടുത്ത പരിസരത്തൊന്നും അന്ന് വേറെ സ്കൂളുകൾ ഉണ്ടായിരുന്നില്ല. അഞ്ച് അധ്യാപകരും 200 കുട്ടികളുമാണ് അന്ന് അവിടെ ഉണ്ടായിരുന്നത്.

1968 ൽ വട്ടേക്കാട് പള്ളിയുടെ സമീപത്തായി എ.എം.യു.പി. സ്കൂൾ വട്ടേക്കാട് എന്ന പേരിൽ ഏഴ് ഉൾപ്പെടെ രണ്ട് ഡിവിഷനുകൾ നിലവിൽ വന്നു. അതിന്റെ മാനേജർ പി.കെ. മൊയ്തുണ്ണിഹാജിയായിരുന്നു. 1993 ൽ 5 മുതൽ ഏഴ് വരെ ക്ലാസുകൾ മൂന്ന് ഡിവിഷനുകളായി നിലവിൽവന്നു. 1996 ൽ പി.കെ. മൊയ്തുണ്ണിഹാജി നിര്യാതനാവുകയും അദ്ദേഹത്തിന്റെ മകൻ എം.എ. അബൂബക്കർഹാജി മാനേജരാവുകയും ചെയ്തു. മാനേജ്മെന്റിന്റെ കാര്യക്ഷമമായ മേൽനോട്ടം, വിദ്യാലയത്തിന്റെ സാങ്കേതിക മികവ് പഠനനിലവാരം ഉയർത്തുന്നതിനുള്ള രക്ഷിതാക്കളുടെ അമിതമായ സഹകരണം പ്രധാന അധ്യാപികയുടേയും മറ്റെല്ലാ അധ്യാപകരുടേയും കൂട്ടായ പ്രവർത്തനം എന്നിവയെല്ലാം ഈ വിദ്യാലയത്തിന്റെ നേട്ടങ്ങളാണ്.

# അധ്യാപകരും - വിവരങ്ങളും.

## 2025 - 2026.

| Sl No | അധ്യാപകന്റെ പേര് | വിവരങ്ങൾ ചുമതലകൾ |
|---|---|---|
| 1 | JULY JOHN. O | Headmistress |
| 2 | SHARLY C.J | UPST |
| 3 | BINDU ITOOP. K | UPST |
| 4 | SELIN | UPST |
| 5 | SHAMEERA. A.M | UPST |
| 6 | DENNY. V.M | UPST |
| 7 | SHAJI. A.H | Hindi-Junior Language. |
| 8 | NIYAS. M.K | Junior Language-Arabic (UP) |
| 9 | SREEDHARAN. T.I | Junior Language-Sanskrit |
| 10 | FERIN JACOB. K | LPST |
| 11 | JISMY FRANCIS. P | LPST |
| 12 | PINKY SUGATH. P | LPST |
| 13 | MUHAMMED HARIS. A | Junior Language-Arabic (LP) |
| 14 | FRANCIYA FRANCIS. P | LPST |
| 15 | ALBIN LAWRANCE. K | LPST |
| 16 | DEEPTHY RAJ. P | LPST |
| 17 | ABDUL JALEEL. R.S | OFFICE ATTENDANT |
| 18 | HASEENA | UKG |
| 19 | RASIYA | LKG |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | വിഭാഗം | നിലവിലുള്ളത് | ഇനിആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്മുറി | 19 | |
| 2 | ആൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 4 | |
| 3 | പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 5 | |
| 4 | കിണർ | 1 | |
| 5 | ലൈബ്രറി | 1 | |
| 6 | ചുറ്റുമതിൽ | ഉണ്ട് | |
| 7 | കളിസ്ഥലം | ഉണ്ട് | |
| 8 | ക്ലാസ്മുറിയിൽ ഡാറ്റപ | 1 | |
| 9 | അടുക്കള | 1 | |
| 10 | കമ്പ്യൂട്ടർ ലാബ് | 1 | |
| 11 | റീഡിംഗ് റൂം | 1 | |
| 12 | സ്കൂൾ ബസ് | ഇല്ല | |
| 13 | വിവിധ ലാബുകൾ | ഇല്ല | |
| 14 | സ്റ്റേജ് | 1 | |
| 15 | കമ്പ്യൂട്ടർ | 1 | |
| 16 | ലാപ്ടോപ് | 10 | 8 |
| 17 | സൗണ്ട് സിസ്റ്റം. | 1 | |
| 18 | പ്രൊജക്ടർ. | 2 | |
| 19 | ഗ്രീൻ ബോർഡ്. | ഇല്ല. | 18 |

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക
* കുട്ടികളുടെ ഭാഷാനിലവാരം ഉയർത്തൽ
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
* ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
* മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉപയോഗപ്പെടുത്തുക
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
* മുഴുവൻ കുട്ടികൾക്കും, ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക
* [illegible] പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, ദിനാചരണങ്ങൾ, ക്ലാസുകൾ സെമിനാറുകൾ, Projectകൾ തുടങ്ങിയ വൈവിധ്യമാർന്ന

പരിപാടികൾ പ്രയോജനപ്പെടുത്തുക.

* പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, മെച്ചപ്പെടുത്തുക.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനവസരമൊരുക്കുക
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസലിംഗ് സൗകര്യങ്ങളൊരുക്കുക
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരിപാടി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/ വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
* വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ആകർഷകവുമാക്കുക.
* കുട്ടികളിലെ കായികക്ഷമത ഉയർത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

### അക്കാദമികം

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
- ശരിയായ കായിക ക്ഷമത ഉറപ്പ് വരുത്താൻ കഴിയുന്നില്ല
- ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
- ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട മുഴുവൻ ശേഷികൾ ആർജിക്കാൻ കഴിയുന്നില്ല.
- പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- പഠനപ്രക്രിയ പൂർണമായും വൈവിധ്യവുമുള്ളതാക്കാനും. ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
- ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം ഫലപ്രദമാകുന്നില്ല.
- കുട്ടികൾ ആവശ്യമായ ഗൈഡ് ലൈൻസ്/ കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.
- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല
- വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം. ഉണ്ടാവുന്നില്ല.

ഭൗതികം

- റിസോഴ്സ് റൂമുകളുടെ അഭാവം
- ഭൂമിശാസ്ത്ര പരമായ ഘടന
- ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
- ടോയ്ലെറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
- പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തു
- കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ദരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
- ഭാഷാലാബ് പ്രവർത്തന ക്ഷമമായിട്ടില്ല.
- മികച്ച കളിസ്ഥലത്തിന്റെ അഭാവം
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.
- മികച്ച ക്ലാസ്റൂമുകളുടെ അഭാവം.
- മികച്ച ലൈബ്രറി സാഹചര്യത്തിന്റെ അഭാവം.
- ICT പ്രദർശനം വൻതോതിൽ നടത്താനുള്ള സാഹചര്യമില്ലായ്മ
- ഭക്ഷണം ഇരുന്നു കഴിക്കാനുള്ള ഒരു ഉച്ചഭക്ഷണ ശാലയുടെ കുറവ്.
- എല്ലാ കുട്ടികൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ കുടിവെള്ള സ്രോതസ്സ് ഇല്ല.
- മാതാപിതാക്കളുടെ പിന്തുണ കുറവ്. കുറച്ചു കുട്ടികൾക്ക് മാതാപിതാക്കളുടെ പിന്തുണ കുറവായതിനാൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നു.

## സാമൂഹികത

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
- ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷകളെ കുറിച്ച് ധാരണയില്ല.
- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അദ്ധ്യാപക സംഘടന, എസ്. എം. സി, എസ്. എം. ഡി. സി, പി. ടി. എ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
- പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
- കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## വിഷയ അടിസ്ഥാനത്തിലുള്ള - മേഖല - പിടിഎ.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എസ്. എസ്. ജി യുടെ സഹായം അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | • രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>• എൻ.എസ്.എസ് യു.എസ്.എസ് പരിശീലനം<br>• കലാകായികമേള<br>• മുന്നേറ്റം ക്ലാസ് | ഒരുവർഷം | | എസ്.എസ്. ജി/സ്റ്റാഫ് |
| എംപിടി.എ/ പി.ടി.എ പ്രാതിനിധ്യക്കുറവ് | • മാസത്തിൽ നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുക<br>• ബോധവൽക്കരണക്ലാസ്സുകൾ<br>• കോർണർ. പി.ടി.എ<br>• ഗൃഹസമ്പർക്കപരിപാടി<br>• ഉച്ചഭക്ഷണ പരിപാടിയിൽ ഉൾക്കൊള്ളിക്കൽ<br>• കോർണർ. പി.ടി. എ യിൽ രക്ഷിതാവിനെയും, കുട്ടികളെയും ഉൾക്കൊള്ളിച്ച് കലാ/സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തൽ. | ഒരുവർഷം | | പി.ടി.എ/ സ്റ്റാഫ് |
| എംപിടി.എ/ പി.ടി.എ പ്രവർത്തക സമിതിക്ക് കൃത്യമായ ദിശാബോധം | എംപിടി.എ/ പി.ടി.എ പ്രവർത്തനകലണ്ടർ തയ്യാറാക്കൽ | എല്ലാ വർഷവും | | പി.ടി.എ/ സ്റ്റാഫ്. |

## വിദ്യാഭ്യാസ സ്ഥാപനത്തിലുള്ള വിവരശേഖരണം- ഭിന്നശേഷി നിലവാരത്തിൽ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | കാലയളവ് | ഏജൻസി |
|---|---|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന കുട്ടികളെ കണ്ടെത്തൽ | • ഓരോ വർഷവും ആദ്യമാസം റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുന്നു. | 1500 | എല്ലാ വർഷവും | ബിആർസി |
| പാഠഭാഗങ്ങളുടെ അനുരൂപീകരണ സാധ്യതകൾ | • റിസോഴ്സ് ടീച്ചറിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക<br>• ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br>• ഇവരെ പരിഗണിച്ചു കൊണ്ടുള്ള പ്രത്യേക TM<br>• സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം.<br>• ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ, സംവിധാനങ്ങൾ ഒരുക്കുക<br>• റിസോഴ്സ് റൂം ആരംഭിക്കുക. | 3000. | എല്ലാ വർഷവും | ബിആർസി പിടിഎ OSA. |
| പ്രത്യേക പരിഗണന കിട്ടായ്മ | • ഈ വിഭാഗത്തിലെ കുട്ടികൾക്ക് നിരന്തരമായ പ്രോത്സാഹനം നൽകുന്നു.<br>• Student of the day പ്രോഗ്രാം ആരംഭിക്കുന്നു.<br>• കഥ, പാട്ട്, വര, വായിച്ചുകൊടുക്കൽ, ഒറിഗാമി പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നു. | 500 | എല്ലാ വർഷവും | അധ്യാപകർ |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ പ്രശ്നങ്ങൾ അനുഭാവമായി രക്ഷിതാക്കൾക്ക് പരിശീലനം ഇല്ലാത്ത അവസ്ഥ | • മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ<br>• art camp, craft camp, field trip എന്നിവ സംഘടിപ്പിക്കുന്നു.<br>• പഠനപ്രവർത്തനങ്ങളിൽ രക്ഷിതാവിനെ കൂടി പങ്കാളിയാക്കുക | | | വിദ്യാർത്ഥി പിടിഎ OSA SSG |
| സാമൂഹ്യ പങ്കാളിത്തത്തിന്റെ കുറവ് | • പിയർ ടീച്ചേഴ്സ് ആയി കുട്ടികളെ പ്രയോജനപ്പെടുത്തുക.<br>• ഇത്തരക്കാർക്ക് പുറത്ത് ഒത്തുകൂടാനുള്ള പൊതു ഇടങ്ങൾ കണ്ടെത്തുക.<br>• കൃഷിപാഠം, ശാസ്ത്രീയ പ്രകൃതിനിരീക്ഷണം, സോപ്പ് നിർമ്മാണം എന്നീ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• സ്കൂളിന് പുറത്തുള്ള ഇത്തരം കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് കൂട്ടായ്മകൾ<br>• ആഴ്ചയിൽ ഒരിക്കൽ ഒത്തുകൂടാനുള്ള അവസരം | 5000 | എല്ലാ വർഷവും | വിദ്യാർത്ഥി പിടിഎ ഒ.എസ്. എസ്.എസ് |

[illegible] വിവരശേഖരണം | പ്രവൃത്തിപരിചയം

| | | | | |
|---|---|---|---|---|
| പ്രഗൽഭരായ കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | പരിഹാര പ്രവർത്തനങ്ങൾ<br>• പ്രാദേശിക മികവുള്ള കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക<br>• അധ്യാപകരെ നിയമിക്കൽ | കാലയളവ്<br>എല്ലാ വർഷവും | സാമ്പത്തികം | ഏജൻസി<br>[illegible] |
| പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നില്ല | • പ്രവൃത്തി പരിചയ മേഖലയിൽ കഴിവുള്ള പ്രാദേശികരായ വ്യക്തികളുടെ വിവരശേഖരണം<br>• അവരെ ചേർത്ത് റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | എല്ലാ വർഷവും | 500 | WE ക്ലബ്ബ് |
| തുടർപരിശീലനത്തിന്റെ അഭാവം | പി.ടി.എ, എസ്.എസ്.ജി എന്നിവരുടെ നേതൃത്വത്തിൽ പ്രാദേശിക അടിസ്ഥാനത്തിൽ പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുക | എല്ലാ വർഷവും | 3000 | P.T.A<br>SSG<br>BRC. |
| കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാൻ കഴിയുന്നില്ല. | • തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക | എല്ലാ വർഷവും | 5000 | P.T.A<br>SSG<br>BRC |
| അസംസ്കൃത വസ്തുക്കളുടെ അഭാവം | • പ്രാദേശിക വിഭവങ്ങളുടെ ശേഖരണം<br>• പ്രവൃത്തിപരിചയലാബ് തയ്യാറാക്കുക. | എല്ലാ വർഷവും | 3000 | P.T.A<br>പൂർവ്വ വിദ്യാർത്ഥികൾ |
| സ്കൂൾ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല. | • ആവശ്യ വസ്തുക്കളുടെ നിർമ്മാണങ്ങളിൽ സംഘടിപ്പിക്കുക<br>• ഉൽപന്നങ്ങളുടെ വിപണനം<br>• കുടിചന്തകൾ | എല്ലാ വർഷവും | | PTA,<br>SSG,<br>OSA |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - പട്ടിക

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആവശ്യമായ കമ്പ്യൂട്ടറുകളുടെ അഭാവം | • ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് PTA, പൂർവ്വവിദ്യാർത്ഥികൾ എന്നിവരെ സമീപിക്കുന്നു<br>• 25 കമ്പ്യൂട്ടറുകൾ ശേഖരിക്കുന്നു | 1 വർഷം | 750000 | OSA. തദ്ദേശ സ്വയംഭരണം |
| പാഠഭാഗങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യുന്ന പ്രയാസം | • മുഴുവൻ ക്ലാസുകളിലും ലാപ്ടോപ്പ്, പ്രൊജക്ടർ സംവിധാനം ഒരുക്കുക. | 1 വർഷം | 100000 | Local Gvt, OSA Mangment |
| ഇന്റർനെറ്റ് LAN സംവിധാനങ്ങളുടെ കുറവ് | • ലഭ്യമായ മുഴുവൻ കമ്പ്യൂട്ടറുകളിലും LAN സംവിധാനം ഒരുക്കൽ | 1 വർഷം | 5000 | BSNL, IT club |
| സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും നാട്ടുകാരിലും എത്തിക്കാനുള്ള കാലതാമസം | • ഓരോ ആഴ്ചയിലെയും പ്രവർത്തനങ്ങൾ എത്തിക്കാൻ യൂട്യൂബ് ചാനൽ<br>• Class whatsapp group | എല്ലാ വർഷവും | | IT club |
| ആധുനിക സാങ്കേതികവിദ്യകളെ കുറിച്ചുള്ള ധാരണക്കുറവ് | • മുഴുവൻ കുട്ടികൾക്കും ഇ-മെയിൽ ഐഡി തയ്യാറാക്കുക.<br>• വീഡിയോ - എഡിറ്റിംഗ് പരിശീലനവും നൽകുക.<br>• സൈബർ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക | എല്ലാ വർഷവും | | IT club OSA |
| കുട്ടികൾക്ക് പഠനം എളുപ്പവും രസകരവുമാക്കുക | • പേപ്പർ ഫ്രീ ക്ലാസ്റൂം എന്ന ലക്ഷ്യത്തിലേക്ക് മുഴുവൻ കുട്ടികൾക്കും ടാബ്<br>• വീട്ടിൽ കമ്പ്യൂട്ടറുകളുള്ള കുട്ടികൾക്ക് അതിൽ ഉബണ്ടു ഇൻസ്റ്റാൾ ചെയ്ത്കൊടുക്കുക | എല്ലാ വർഷം | 10000 | IT club. |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- ആരോഗ്യകായികവിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് | • കായികക്ഷമതയുള്ള കുട്ടികളെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.<br>• സ്പോർട്സ് ക്യാമ്പുകൾ, സംഘടിപ്പിക്കുക.<br>• യോഗ, സൈക്ലിംഗ് എന്നിവയിൽ പരിശീലനം നൽകുക.<br>• പ്രദേശത്തെ കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക.<br>• യോഗ ക്ലാസുകൾ സംഘടിപ്പിക്കുക | വർഷം മുഴുവൻ | | അധ്യാപകർ<br>PTA<br>SRG<br>OSA |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക<br>• സ്പോർട്സ് അക്കാദമി രൂപീകരിക്കൽ | 1 വർഷം | | തദ്ദേശ സ്വയം ഭരണ സ്ഥാപനം<br>P.T.A |
| കുട്ടികൾക്ക് താൽപര്യമുള്ള കായിക ഇനങ്ങൾ തിരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല | കായിക പ്രതിഭാ ദ്യുതി.<br>താൽപര്യമുള്ള ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനം | വർഷം മുഴുവൻ | | P.T.A |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല. | • കായിക പ്രതിഭകളെ ആദരിക്കൽ | 1 വർഷം | | P.T.A |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അറിയാൻ അവസരം ഇല്ല | • വൈദ്യപരിശോധന<br>• ആരോഗ്യ ക്ലാസുകൾ<br>• സി. ഡി പ്രദർശനം<br>• സീസണൽ രോഗങ്ങളെക്കുറിച്ച് ക്ലാസ് | | | ഹെൽത്ത് ഡിവ് ഗവൺമെന്റ് |

| | | | | |
|---|---|---|---|---|
| ശരിയായ ഭക്ഷണശീലത്തെ കുറിച്ചുള്ള അറിവില്ലായ്മ | • ആരോഗ്യക്ലാസുകൾ<br>• അടുക്കളത്തോട്ടം | | | |
| പ്രഥമ ശുശ്രൂഷയെ കുറിച്ചുള്ള ധാരണക്കുറവ് | • വിദഗ്ദരുടെ ക്ലാസുകൾ<br>• സിഡി പ്രദർശനം<br>• സീസണൽ രോഗങ്ങളെ കുറിച്ച് ബോധവൽക്കരണം | | | |
| | പ്രഥമശുശ്രൂഷക്കിറ്റ് സൗകര്യം ലഭ്യമാക്കൽ | | 2000 | PTA<br>OSA.<br>Health club |
| ശരിയായ കളിസ്ഥലത്തിന്റെ അഭാവം | • വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ പരിഹരിക്കൽ<br>• കളിസ്ഥലം വൃത്തിയാക്കൽ | | | PTA<br>OSA<br>ഹെൽത്ത് ക്ലബ് |

വിഷയവിനിമയത്തിലൂടെ വിവരശേഖരണം - മേഖല പൂർവ്വവിദ്യാർത്ഥി അധ്യാപക കൂട്ടായ്മ

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പൂർവ്വവിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടില്ല | • അവരുടെ വിവരങ്ങൾ ശേഖരിക്കൽ, ഫോൺ നമ്പർ പതിവ് ശേഖരിക്കൽ<br>• അവരുടെ സംഘടന രൂപീകരിക്കൽ<br>• വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 2024 മുതൽ | | P.T.A STAFF |
| അവരുടെ കൂട്ടായ്മ രൂപീകരിച്ചിട്ടില്ല. | • ഓരോ പരിധി തിരിച്ച് പൂർവ്വ വിദ്യാർത്ഥി ലിസ്റ്റ് തയ്യാറാക്കൽ.<br>• പരിധിയിലെ അഭിമാനത്തിൽ ശേഖരിച്ച് ഗ്രൂപ്പ് ഉണ്ടാക്കൽ<br>• അതിൽ നിന്നും സാമ്പത്തികമായി, വിദ്യാഭ്യാസപരമായി ഉയർന്ന് നിൽക്കുന്നവർ കലാകായിക മേഖലയിലെ പ്രതിഭകൾ എന്നിവരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കൽ | 2024 - 2025 | | P.T.A STAFF |
| സ്കൂളിന്റെ അക്കാദമിക അക്കാദമേതര പ്രവർത്തനങ്ങൾ പൂർവ്വവിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടില്ല. | • സ്കൂളിന്റെ വികസനത്തിന് വേണ്ട ഫണ്ട് രൂപീകരണം.<br>• പൂർവ്വവിദ്യാർത്ഥികളുടെ കലാപരിപാടികൾ റിഹേഴ്സൽ ഗ്രൂപ്പ് ഉണ്ടാക്കൽ. അതിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകൽ. | 2025 - 26 | | P.T.A STAFF പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ |

| | | | | |
|---|---|---|---|---|
| | ചിത്രം, പാട്ട്, നൃത്തം എന്നീ മേഖലകളിൽ പ്രതിഭയുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകൽ.<br>• കായിക മത്സരങ്ങളിൽ പങ്കാളിത്തം<br>• ട്രെയിനിങ് നൽകൽ | | | |
| പരിസ്ഥിതി സൗഹൃദ ക്ലബ്ബ് രൂപീകരിച്ചിട്ടില്ല | • പരിസ്ഥിതി സൗഹൃദ ക്ലബ്ബ് രൂപീകരിക്കൽ. പ്രവർത്തനം ആസൂത്രണം ചെയ്യൽ | 2025 | | P.T.A<br>SMC |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല - ഉച്ചഭക്ഷണം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി |
|---|---|---|---|
| ഭക്ഷണം സമയബന്ധിതമായി തയ്യാറാക്കാനും വിതരണം ചെയ്യാനും കഴിയുന്നില്ല. | • എല്ലാ കുട്ടികൾക്കും ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ്, ഗ്ലാസ് ഉറപ്പാക്കുക; • ആധുനിക പാചകപ്പുരയും ഡൈനിംഗ് ഹാളും നിർമ്മിക്കുക | 2 വർഷം | പ്രാദേശിക സ്വയംഭരണ സ്ഥാപനം, |
| ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ, ശുദ്ധമായ പച്ചക്കറികൾ എന്നിവയുടെ അഭാവം | • പ്രാദേശികതലത്തിൽ പച്ചക്കറി സമാഹരണം. • സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക പപ്പായ, മുരിങ്ങ, വാഴ കൃഷി വ്യാപിപ്പിക്കുക. | 1 വർഷം | PTA / കാർഷികക്ലബ് |
| എല്ലാ കുട്ടികൾക്കും ശുദ്ധമായ കുടിവെള്ളം കിട്ടുന്നില്ല | • എല്ലാ ക്ലാസിലും ചൂടുവെള്ളം എത്തിക്കുക • എല്ലാ ക്ലാസിലും ഫിൽറ്റർ ടാങ്ക് സ്ഥാപിക്കുക | | PTA / OSA |
| പോഷകാഹാരക്കുറവ് | • എല്ലാ മാസവും ഒരു ദിവസം മാംസാഹാരം നൽകുക. • ജൈവ പച്ചക്കറി ഉപയോഗിക്കുക. • എന്റെ ഇഷ്ടഭക്ഷണം പദ്ധതി നടപ്പാക്കുക. | | ഉച്ചഭക്ഷണ കമ്മിറ്റി, PTA |
| ഉച്ചഭക്ഷണം കൃത്യമായ ഓഡിറ്റിംഗ് | • കൈത്താങ്ങ് (ഒരുദിവസം തന്റെ കുട്ടിക്ക് വേണ്ടി) • എന്റെ ക്ലാസിന്റെ ഭക്ഷണം • ഉച്ചഭക്ഷണത്തിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുക, • പിറന്നാൾ ദിനത്തിൽ പച്ചക്കറി | 1 വർഷം | PTA, MPTA |

| | | | |
|---|---|---|---|
| കുട്ടികളിലും, രക്ഷിതാക്കളിലും, ആരോഗ്യകരമായ ഭക്ഷണശീലത്തിന്റെ അറിവില്ലായ്മ. | ഹെൽത്ത് ടോക്സ് സംഘടിപ്പിക്കുക ഭക്ഷണശീലത്തെ പറ്റി ക്ലാസ് പ്രാദേശികമായുള്ള രീതി പരിചയപ്പെടൽ | 1 വർഷം | PTA, MTA |
| ഭക്ഷണാവശിഷ്ടങ്ങൾ ശരിയായി സംസ്കരിക്കാൻ കഴിയുന്നില്ല | • ബാക്കിയുള്ള ഭക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് വീട്ടിൽ കൊണ്ടുപോകാം. <br> • ശാസ്ത്രീയ കമ്പോസ്റ്റ് നിർമ്മാണം | 1 വർഷം | PTA, |
| എല്ലാവരും ഉച്ചഭക്ഷണം കഴിക്കുന്നില്ല | • ഭക്ഷണം കഴിക്കുന്നവരുടെയും അല്ലാത്തവരുടെയും സർവെ <br> • വൈവിധ്യഭക്ഷണം <br> • ഭക്ഷണം തയ്യാറാക്കി ക്ലാസുകളിൽ Pack ചെയ്ത് എത്തിക്കുക | 1 വർഷം | തദ്ദേശസ്വയംഭരണസ്ഥാപനം, PTA. |

[illegible] വിവരശേഖരണം ഡെവലപ്മെന്റ് [illegible]

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സമയപരിധി | സാമ്പത്തിക [illegible] | സഹായിക്കുന്ന ഏജൻസികൾ |
|---|---|---|---|---|
| സാമൂഹിക പിന്നാക്ക വിദ്യാർത്ഥികളുടെ പഠനം | • ദുർബല വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളുടെ പഠനമായി വിവരശേഖരണം നടത്തുന്നു<br>• Scout & guide, Saw, SPC വിപുലീകരണം<br>• അധ്യാപകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു.<br>• അധ്യാപകർക്കും രക്ഷിതാക്കൾക്കും പാരന്റിംഗ് ക്ലാസുകൾ<br>• സ്കൂൾ മാതൃസമിതി പ്രവർത്തനം ശക്തമാക്കുന്നു<br>• സന്നദ്ധ സംഘടനകളുടെ സഹായങ്ങൾ ലഭ്യമാക്കുന്നു<br>• വിദഗ്ദ്ധ പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി കൗൺസിലിംഗ് സെന്റർ രൂപീകരിക്കുന്നു. | 1 വർഷം | | BRC<br>PTA<br>Scout & guide |
| ആരോഗ്യ കുടുംബസാഹചര്യങ്ങളിൽ പ്രശ്നപരിഹാരം നടത്താനുള്ള പ്രയാസം | • പ്രാദേശിക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു.<br>• കോർണർ പിടിഎ<br>• തെരുവോര നാടക സമിതി<br>• സെമിനാർ, ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ, വീഡിയോ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു<br>• പ്രാദേശികതലത്തിൽ ജനജാഗ്രതാസമിതി രൂപീകരിക്കുന്നു.<br>• ലഹരിവിരുദ്ധ സേന രൂപീകരണം | 1 വർഷം | | BRC,<br>PTA<br>PHC,<br>Scout & guide.<br>Localgovt |

| | | | | |
|---|---|---|---|---|
| ജീവിതനൈപുണി വികസനം, വ്യക്തിത്വവികസനം എന്നിവയിലെ കുറവ് | • സ്കൂൾ സാഹിത്യസമാജം മെച്ചപ്പെടുത്തുന്നു<br>• ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു<br>• മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>• അവധിക്കാല സഹവാസ ക്യാമ്പുകൾ, തിയേറ്റർ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. | 1 വർഷം | | BRC, PTA PHC, Scout & Guide, Local gvt. |
| സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള താൽപ്പര്യമില്ലായ്മ. | • സ്കൂളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>• സ്കൂളിലും, വീട്ടിലും, ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കുന്നു.<br>• പ്ലാസ്റ്റിക് ശേഖരണം, തരം തിരിക്കൽ, വിതരണം എന്നിവ ആവശ്യമായ പദ്ധതി പഞ്ചായത്തുമായി ചേർന്ന് രൂപപ്പെടുത്തുന്നു.<br>• പിടിഎ സഹായത്തോടെ പേപ്പർ ബാഗ്, പേപ്പർ പേന എന്നിവ നിർമ്മിക്കുന്നു, വിപണനം നടത്തുന്നു | 1 വർഷം | 10000 | PTA; Scout & Guides SSG. OSA |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസികൾ |
|---|---|---|---|---|
| പുസ്തകങ്ങളുടെ കുറവ് | • പുസ്തക ശേഖരണം<br>• പിറന്നാളിന് ഒരു പുസ്തകം - ക്ലാസ് ലൈബ്രറി | 1 വർഷം | | PTA. |
| പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകളുടെ കുറവ് | • സ്പോൺസർഷിപ്പിലൂടെ സംവിധാനമൊരുക്കൽ | 2 മാസം | | |
| ക്ലാസ് ലൈബ്രറി ആകർഷകമല്ല | • മികച്ച ക്ലാസ് ലൈബ്രറിക്ക് സമ്മാനം<br>• പുസ്തകങ്ങൾ വാങ്ങൽ വിവിധമാസികകൾ | 1 വർഷം | | OSA |
| 100% കുട്ടികളും ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ വായിക്കുന്നില്ല | • തുറന്ന ലൈബ്രറി<br>• പുസ്തക കുറിപ്പ് തയ്യാറാക്കൽ<br>• മാസത്തിലൊരിക്കൽ ചർച്ച<br>• ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു പുസ്തകം അവതരണം<br>• കവികൾ - ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ | | | അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ |
| എല്ലാ രക്ഷിതാക്കളും ലൈബ്രറിയിൽ അംഗങ്ങളല്ല | • കുട്ടികൾ വഴി രക്ഷിതാക്കൾക്ക് പുസ്തകമെത്തിക്കൽ | | | |
| പുസ്തകങ്ങൾ വാങ്ങാനുള്ള സാമ്പത്തികം വേണ്ടത്ര ലഭിക്കുന്നില്ല | • പുസ്തക പ്രസാധകരിൽ നിന്ന് അംഗത്വമെടുക്കൽ<br>• ഒരു വർഷം ഒരു നിശ്ചിത തുകക്ക് പുസ്തകങ്ങൾ ലഭിക്കുന്ന പദ്ധതി. | | | P.TA SS |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - പരിസ്ഥിതി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സ്കൂളിൽ മനോഹരമായ പൂന്തോട്ടത്തിന്റെ കുറവ് | • സ്കൂൾ പരിസരം പച്ചപ്പ് കൊണ്ട് നിറയ്ക്കുക<br>• ചെടികൾ, വൃക്ഷങ്ങൾ, പുഷ്പവർഗങ്ങൾ. | ജൂൺ-5 | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |
| വീട്ടിലെ അടുക്കളത്തോട്ടം<br>സ്കൂൾ പച്ചക്കറിത്തോട്ടം | • കുട്ടികൾ മാതാപിതാക്കളുടെ അധ്യാപകരുടെയും സഹായത്തോടെ പച്ചക്കറിത്തോട്ടം<br>• ഒരുകുട്ടിക്ക് ഒരു കൊടിമരം പദ്ധതി ([illegible])<br>• കോഴി, ആട് വളർത്തൽ<br>• സ്കൂളിൽ പച്ചക്കറി നട്ടുപിടിപ്പിക്കൽ | ജൂലൈ | | P.TA<br>പരിസ്ഥിതി ക്ലബ് |
| പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം<br>ജലദൗർലഭ്യം | • പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം<br>• പ്ലാസ്റ്റിക് ശേഖരിക്കാൻ പ്രത്യേക സംവിധാനം (കവർ, പേന)<br>• ജലസംരക്ഷണ മാർഗങ്ങൾ<br>• മഴവെള്ള സംഭരണി,<br>• ബോധവൽക്കരണം | എല്ലാ വർഷവും | 30000 | PTA<br>OSA<br>SSA.<br>തദ്ദേശ സ്വയംഭരണ സ്ഥാപനം |
| സ്കൂൾ തന്നെ പാഠപുസ്തകം | • ജൈവവൈവിധ്യ പാർക്ക്<br>• ഔഷധത്തോട്ടം<br>• ശലഭോദ്യാനം | എല്ലാ വർഷവും | 5000 | SSA.<br>Local Gvt<br>OSA<br>PTA. |
| • എല്ലാവർക്കും വേണ്ട ശുചിമുറി സൗകര്യം | • നിലവിലുള്ള ശുചിമുറികൾ നവീകരിക്കൽ<br>• പുതിയ ശുചിമുറികൾ നിർമ്മിക്കൽ | 1 വർഷം | 10000 | PTA<br>OSA<br>Local Government |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല-കലാപഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | | ഉത്തരവാദിത്തപ്പെട്ടവർ |
|---|---|---|---|---|
| കലാപഠനങ്ങളിൽ [illegible] ഭാവം [illegible] | • ഒഴിവുദിവസങ്ങളിൽ കുട്ടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. • അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. | 2025-26 | | വിദ്യാലയം കൈ പിടിഎ |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം | • ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ടുവന്ന് ക്ലാസുകൾ സംഘടിപ്പിക്കുന്നു. | 2025-26 | | വിദ്യാലയം O.S.A |
| കലാപഠനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ് | • സ്കൂളിൽ ഒരു ആർട്ട് ഗാലറി സ്ഥാപിക്കുന്നു | 2026- അവസാനം | | വിദ്യാലയം O.S.A. M.P.T.A P.T.A |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണ | • വിവിധ കലാരൂപങ്ങളുടെ വേഷ-വിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു. | 2025-26 | | വിദ്യാലയം |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | • ആഴ്ചയിൽ ഒരുദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു. • കുട്ടികൾക്ക് നാടക പരിശീലനം നൽകുക. • നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു. • കുട്ടികൾക്ക് സിനിമ പരിശീലനം - ടെലിഫിലിം നിർമ്മാണം - ഫിലിം ക്ലബ് രൂപീകരണം. | 2025-26 | | വിദ്യാലയം |

| | | | | |
|---|---|---|---|---|
| പ്രാദേശികമായ കലാകാരന്മാരുടെ സേവനലഭ്യമില്ല | • സ്കൂൾ കലാസംഘം രൂപീകരിക്കുക.<br>• നാടൻപാട്ട് സംഘം<br>• സ്കൂൾ വാദ്യ മേളസംഘം<br>• സ്കൂൾ നാടകസംഘം<br>• സംഗീത ഉപകരണങ്ങൾ | 1 വർഷം | | OSA<br>PTA |
| | | | | |